TUESDAY 09/09/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/09/2025

1. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകർമാരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

2. ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ-വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള മനിലയിലെ ഇന്ത്യൻ എംബസിയും APEDAയും ചേർന്ന് 2025 സെപ്റ്റംബർ 11-ന് ഫിലിപ്പീൻസിൽ കാർഷിക-ഭക്ഷ്യ ഉച്ചകോടിയും ബയ്യർ – സെല്ലർ മീറ്റും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് directorbedf@apeda.gov.in, asctelegal1@apeda.gov.in എന്നീ വിലാസങ്ങളിൽ ഇമെയിൽ ചെയ്യുക.

3. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിവിഷനിൽ 'ഓഫീസ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർ അറുപത് ശതമാനം മാർക്കോടെ കെമിസ്ട്രിയിലോ കൊമേഴ്സിലോ ബിരുദമോ ബിരുദാനന്തര ബിരുദമുള്ളവരോ കമ്പ്യൂട്ടറിൽ എം.എസ്.ഓഫീസ് (MS-Office) കൈകാര്യം ചെയ്യുന്നതിൽ ഒരുവർഷത്തെ പ്രവർത്തിപരിചയം ഉള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 01-ന് 26 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2025 സെപ്റ്റംബർ 16-ന് രാവിലെ 10 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

4. 2025 വർഷത്തിൽ റബ്ബർ ഷീറ്റടിക്കാൻ റബ്ബർ റോളർ വാങ്ങിയതിനുള്ള ധനസഹായത്തിന് പട്ടികജാതിയിൽപ്പെട്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി 2025 ഒക്ടോബർ 31 വരെ കർഷകർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോഡ് ചെയ്യേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട റബ്ബർ കർഷകർക്ക് നാൽപതിനായിരം രൂപയോ റോളറിന്റെ വിലയുടെ 80 ശതമാനമോ ഇവയിൽ ഏതാണോ കുറവ് അത്രയും തുക ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

<u>പരിശീലന പരിപാടി</u>

5. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ

ff



വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "തീറ്റപ്പുൽക്കൃഷിപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി സെപ്റ്റംബർ 10, 11 തീയതികളിൽ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9496332048 9447305100, 04734-299869, 8304948553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശമയച്ചോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**<u>കാർഷിക നിർദേശം</u>**

നെല്ല് (വിരിപ്പ്)-പാലുറക്കുന്ന പരുവം- രണ്ടാം വിള ചെയ്യുന്നവർക്ക് ഞാറ്റടി തയ്യാറാക്കാനുള്ള സമയമാണിത്. ഒന്നാം കൃഷി വൈകി ഇറക്കിയവർ ചാഴിക്കെതിരെ സംരക്ഷണ നടപടികൾ എടുക്കേണ്ടതാണ്. മത്തി-ശർക്കര മിശ്രിതം 20 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്നുള്ള തോതിൽ തളിക്കാവുന്നതാണ്. അല്ലെങ്കിൽ അസാഡിറാക്ടിൻ (3000 ppm) 10 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം